



# പ്രതിഭ

ദീപനാളം കുട്ടികളോടൊപ്പം

ഹായ് കൂട്ടുകാരേ,

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ – ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714



# ശാന്തമാകൂ... കാതോർക്കൂ...

റ്റോം ജോസ് തഴുവംകുന്ന്

അമൂല്യമായ ജീവനെ തികഞ്ഞ സ്പോർട്സ്മാൻ സ്പിരിറ്റോടെ കാത്തുപോന്ന തലമുറ പഴങ്കഥയാകുകയാണോ? എവിടെയാണ് നമ്മുടെ പ്ലാനും പദ്ധതിയും വഴിമാറിപ്പോയത്?

ഇന്ന് എല്ലാറ്റിന്റെയും 'ഡ്രൈവിങ് സീറ്റിൽ' ഇന്റലിജെൻസും പണവും വന്നുപെട്ടിരിക്കുന്നുവെന്നു പൊതുവിൽ സംസാരമുണ്ടെങ്കിലും നാമതൊന്നും വിലയിട്ടു വിലയിരുത്താറില്ല. ഒന്നാമതെത്തുക, ധനാഢ്യനാകുക എന്നതൊക്കെ നമ്മുടെ കുട്ടികളുടെ മുഖ്യ അജണ്ടയാകുന്നുണ്ടോയെന്നു ചിന്തിക്കുന്നത് ഉചിതമായിരിക്കും.

ദൈവഭയം ബുദ്ധിശക്തിയുടെ ആരംഭമാണെന്നുള്ളത് ഇന്ന് സിലബസിനു പുറത്തായിരിക്കുകയാണ്. പഠനത്തിന്റെ ലക്ഷ്യം ഗ്രേഡും പോയിന്റും തൊഴിലും മാത്രമാണിന്ന്. പ്ലേസ്കൂൾ മുതൽ തുടങ്ങുന്ന സിലബസും കരിക്കുലവും പുസ്തകഭാരവും ഇടംവലം അറിയാതുള്ള സ്കൂൾ ബസ് യാത്രയും നന്മയുടെ സഞ്ചാരപഥത്തിലാകേണ്ടതല്ലേ? മക്കളുടെ ബാല്യം ഇന്നു ബാല്യമാണോ? കളിയും ചിരിയും തുറന്ന സംസാരവും എവിടെ? സർഗശേഷിയുടെ കാര്യക്ഷമമായ നിരീക്ഷണവും പ്രോത്സാഹനവും എവിടെ? അക്കാദമിക് എക്സലെൻസിലേക്ക് 'തല്ലിപ്പഴുപ്പിക്കുന്ന' സിദ്ധാന്തങ്ങളാണെവിടെയും.

പ്ലേസ്കൂളിലേക്കുള്ള പ്രവേശനത്തിനുപോലും ഇന്റർവ്യൂ ഉണ്ടത്രേ! ഈ മക്കളുടെ അകം നമുക്കു വായിക്കാനാവാത്തത് എന്ത്? ചുറ്റുമുള്ളതിനെയെല്ലാം പാഠങ്ങളാക്കി ഉല്ലാസഭരിതരായി ബാല്യം ജീവിച്ചു തീർക്കേണ്ടിടത്ത് ഇല്ലാത്ത പാഠങ്ങളും വല്ലാത്ത സംവിധാനങ്ങളും കുട്ടികളെ വീർപ്പുമുട്ടിക്കുന്നു. പരിസ്ഥിതിയോ പരിതഃസ്ഥിതിയോ മനസ്സിലാക്കാൻ അനുവദിക്കാത്ത പഠനമുറിയും പാഠങ്ങളും! മക്കളുടെ ജീവിതം ബാല്യംമുതൽ സമ്മർദ്ദത്തിലാണ്. പഠിക്കണം ജയിക്കണം; ഉന്നതശമ്പളമുള്ള തൊഴിൽ നേടണം. ഇതിനായി വയറെരിഞ്ഞും മുണ്ടുമുറുക്കിയും മാതാപിതാക്കൾ കഠിനപ്രയത്നത്തിലാണ്.

എങ്ങനെ ജീവിക്കണം, സമൂഹത്തിൽ എങ്ങനെ പെരുമാറണം, സൗഹൃദങ്ങൾ എങ്ങനെ കെട്ടിപ്പടുക്കണം, ഉറ്റവരെയും ഉടയവരെയും അയൽക്കാരെയും ബന്ധുജനങ്ങളെയും തിരിച്ചറിഞ്ഞ് തന്മയീഭാവത്തോടെ എങ്ങനെ ജീവിക്കണം എന്നൊക്കെ പഠനമുറിയിൽ വർത്തമാനമാകാറുണ്ടോ? മാതാപിതാക്കളുടെ ശീലുകളെയെല്ലാം തകിടം മറിക്കുന്ന അന്യഭാഷാ പഠനരീതി നാം ജീവിക്കുന്ന ചുറ്റുപാടുകളെ തിരിച്ചറിയാതെ പോകുന്നതിലേക്കും വഴി നയിക്കുന്നു. മലയാളം പാഠത്തിനു പുറത്തായിരിക്കുന്നു.

പണം നല്ല സേവകനാണെങ്കിലും ഒരു നല്ല യജമാനനല്ലെന്നാണ് പറയുക; ഇന്ന് യുവതലമുറയുടെ തേരോട്ടം ഏതുവിധേനയും ധനസമ്പാദനവും സുഖലോലുപതയും ലക്ഷ്യമാക്കി മാറുന്നതുപോലെ! പഴയകാലത്ത് മക്കളൊക്കെ ഒരു മുഖ്യധാരാവിദ്യാഭ്യാസപ്രക്രിയയുടെ ഭാഗമായിരുന്നു. സുകൃതിയും കുസൃതിയും ഒന്നിച്ചു കളിച്ചുവളർന്നിരുന്നിടത്ത് ഇന്ന് പലവിധ തരംതിരിവ് പ്രാഥമികവിദ്യാഭ്യാസത്തിൽപ്പോലും വന്നുപെട്ടതിനാൽ ഓരോരുത്തരും 'എന്റെ ലോകം' രൂപപ്പെടുത്തിയാണ് സമൂഹത്തിലേക്കു കടന്നുവരുന്നത്.

ഹൃദയതുറവോടെ ചിരിച്ചു കളിച്ചു വളരാതെ, പഠനം ജീവിതമാക്കിയ മക്കൾ പുറത്തിറങ്ങുമ്പോൾ അമിതസ്വാതന്ത്ര്യത്തിന്റെ കെണിയിലാകുന്നു; വിനോദസഞ്ചാരകേന്ദ്രങ്ങളൊക്കെ വിനോദങ്ങളെക്കാൾ ആധുനികതയുടെ പലവിധ വിപണികളായി മാറുന്നു.

കുട്ടികളെ മാന്യന്മാരാക്കുന്ന വിദ്യാഭ്യാസചിന്തകളേക്കാൾ ആവശ്യം മനുഷ്യരാക്കുന്ന ചിന്തകളാണ്. ഒരേ മത്സരത്തിൽ പങ്കെടുത്തു പരാജിതരാകാതെ സ്വയം മത്സരയിനം കണ്ടെത്തുന്ന ത്രിൽ കുട്ടികൾ രൂപപ്പെടുത്തട്ടെ. ജീവൻ വെടിഞ്ഞുള്ള ഒരു കാര്യത്തിനും മക്കളിടപെടാനിടയാകരുത്. ആത്മവിശ്വാസവും ആത്മാർഥതയും ആത്മസംതൃപ്തിയും ഹൃദയാനന്ദമെന്ന ദൈവികസന്തോഷാവസ്ഥയിലേക്കെത്തുന്നതിന് നാളെയുടെ തലമുറ പരുവപ്പെടണം. ലഹരിയുപയോഗത്തിൽനിന്നു തലമുറ മാറിനടക്കണം; നന്മയുള്ളവരാകണം, നല്ലതു പ്രവർത്തിക്കണം. കൂട്ടും കൂട്ടായ്മയും വിശാലമായ സൗഹൃദങ്ങളും രൂപപ്പെടുത്തണം.

ശേഷം 8-ാം പേജിൽ

# ചിറകുള്ള മോഹങ്ങൾ



**നിഥിൻകുമാർ ജെ.**
**പത്തനാപുരം**
*ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റി*
*എം.എ. മലയാളം*

**പാ**തിരാത്രിയായി. എന്നിട്ടും ഷോൺ ഉറങ്ങാതെ കിടക്കുകയാണ്. അവന്റെ മുറിയിൽ ട്യൂബ്‌ലൈറ്റ് കത്തിക്കിടക്കുന്നതു കണ്ടപ്പോൾ അച്ഛനും അമ്മയും മുറിയിലേക്കു കയറിവന്നു. വാതിലില്ലാത്ത ഒരു ഇടുങ്ങിയ മുറിയാണ് ഷോണിന്റേത്.

"മോനേ... നീ ഉറങ്ങിയില്ലേ?" അമ്മയുടെ ചോദ്യം കേട്ടപ്പോഴാണ് അവൻ തലയുയർത്തിനോക്കുന്നത്.

"ഇല്ലമ്മേ... അമ്മയെപ്പോഴാണ് വന്നത്?" അവൻ അച്ഛന്റെ മുഖത്തേക്കു നോക്കുകയാണ്. അച്ഛൻ മുറിയാകെ എന്തോ തിരയുംപോലെയാണ് ഷോണിനു തോന്നിയത്.

"എന്താ അച്ഛാ നോക്കുന്നത്?" അവന്റെ ചോദ്യത്തെ ഗൗനിക്കാതെ അച്ഛൻ അടുത്തേക്കു വന്നിരുന്നു.

"ഇതൊക്കെയെന്താണു മോനെ?"കട്ടിലിലും മേശയിലും നിലത്തും തെർമോക്കോളും പകുതി തീർന്ന പശയും കീറിയ പേപ്പറും തെളിയാത്ത പേനയും മുനയൊടിഞ്ഞ പെൻസിലും തുരുമ്പിച്ച മൊട്ടുസൂചിയുമൊക്കെ കണ്ടപ്പോൾ അച്ഛനൊരു സംശയം. അപ്പോഴാണ് അമ്മയും അതു ശ്രദ്ധിക്കുന്നത്.

"ശരിയാണല്ലോ... ഇതൊക്കെ എന്തിനാണ്?"

ഷോണിന്റെ കണ്ണുകൾ നിറയുന്നത് അച്ഛൻ ശ്രദ്ധിച്ചു. അവന്റെ തോളിൽ കൈവച്ചു



കൊണ്ട് ഒരു നിറഞ്ഞ പുഞ്ചിരി നൽകിയപ്പോൾ അവൻ പറയാൻ തുടങ്ങി:

"ഇന്ന് ക്ലാസ്സിൽ ചിത്രരചനാമത്സരമുണ്ടായിരുന്നു. ഉച്ചയ്ക്കുശേഷമായിരുന്നു അമ്മേ മത്സരം. പക്ഷേ, രാവിലെ ക്ലാസ്സ് ടീച്ചർ, ഞങ്ങൾ ക്ലാസ്സിലെ കുട്ടികൾക്കു വേണ്ടിയൊരു ചിത്രരചനാമത്സരം നടത്തി. നല്ലതായി വരയ്ക്കുന്നവരെ മാത്രമേ ഉച്ചയ്ക്കുശേഷമുള്ള മത്സരത്തിൽ പങ്കെടുപ്പിക്കത്തൊള്ളൂ. ഞങ്ങൾ സന്തോഷത്തോടെ ചിത്രങ്ങൾ വരച്ചു..."

ഷോൺ പറഞ്ഞുനിർത്തി. ബാക്കി പറയുന്നതിനു മുമ്പ് അവന്റെ തൊണ്ടയിടറിത്തുടങ്ങിയിരുന്നു.

"എന്താടാ? എന്തു പറ്റി?" അച്ഛനും അമ്മയും സംശയത്തോടെ ചോദിച്ചു.

"എനിക്കു ചിത്രം വരയ്ക്കാൻ വെള്ളപ്പേപ്പറുള്ള ബുക്കില്ലല്ലോ അച്ഛാ..."

അച്ഛന്റെ തലകുനിഞ്ഞു. നിവൃത്തിയുണ്ടായിരുന്നേൽ ഉറപ്പായും അച്ഛൻ വാങ്ങിനൽകുമെന്ന് ആറാം ക്ലാസുകാരനായ ഷോണിനറിയാം.

"ഞാൻ വരയിട്ട പേപ്പറിൽ ചിത്രം വരച്ചു കൊടുത്തപ്പോൾ, ടീച്ചർ അതു നോക്കുകകൂടി ചെയ്യതെ കീറിക്കളഞ്ഞു."

"വെള്ളപ്പേപ്പറും കളർ പെൻസിലും ഇല്ലേൽ നീ വരയ്ക്കണ്ട" ടീച്ചർ കലിതുള്ളിക്കൊണ്ടു പറഞ്ഞു. അത്രയും പറഞ്ഞപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞുതുളുമ്പുന്നതു കണ്ട അച്ഛൻ അവനെ കെട്ടിപ്പിടിച്ചു. അമ്മയും.

"അമ്മേ... അച്ഛാ.. നാളെ ഞാൻ പോകുമ്പോൾ ഞാൻ വരച്ച ചിത്രം ഈ തെർമോക്കോളും പേപ്പറുംകൊണ്ട് യാഥാർഥ്യമാക്കി ടീച്ചറെ കാണിക്കും."

അച്ഛനും അമ്മയും അവന്റെ മുറിയിൽനിന്നുമിറങ്ങിപ്പോയി. പിന്നെയും ഒരുപാടു വൈകിയാണ് ഷോണിന്റെ മുറിയിൽ ലൈറ്റണഞ്ഞത്. വൈകുന്നേരം ആക്രിക്കടകൾതോറും കറങ്ങിനടന്ന് പെറുക്കിക്കൂട്ടിയതു വച്ചവൻ ഒരു രാത്രികൊണ്ടൊരു ചെറിയ കൊട്ടാരം പണിതു. രാവിലെ അച്ഛനും അമ്മയും ഞെട്ടിയതിനേക്കാൾ കൂടുതൽ അദ്ഭുതം കൊണ്ടത് അവന്റെ ടീച്ചർതന്നെയായിരുന്നു. അവർ കീറിക്കളഞ്ഞ പേപ്പർതുണ്ടുകൾ അപ്പോഴും അവിടെ ചിതറിക്കിടന്നിരുന്നു.

"ടീച്ചർ... നാളെയിതു യാഥാർഥ്യമാകും."

ടീച്ചർ മിഴിച്ചുനിന്നുപോയി.

■





**വൃന്ദ സുരേഷ്**
*ബി.എ. മലയാളം*
*സെന്റ് തോമസ് കോളജ്, പാലാ*

# പെണ്മനം

എന്റെ കണ്ണുകളെ കൺമഷികൊണ്ടും
എന്റെ ചുണ്ടുകളെ ചുവന്ന
ചായങ്ങൾകൊണ്ടും
ഞാൻ മറയ്ക്കുമ്പോഴും
എന്റെ മനസ്സാകുന്ന മുഖത്തെ
എനിക്കു മറയ്ക്കുവാനാകുന്നില്ല.
കാരണം, എന്റെ ദുഃഖത്തെ മറയ്ക്കുന്ന
കടുംചായങ്ങളെയൊക്കെയും
നനഞ്ഞ കണ്ണുകളിലെ
നേർത്ത തുള്ളികൾ മായിച്ചുകളയുകയാണ്.

# ശാന്തമാകൂ... കാതോർക്കൂ...

*7-ാം പേജ് തുടർച്ച*

ചങ്ങാതി നന്നായാൽ കണ്ണാടിവേണ്ടെന്നു പഴമക്കാർ പറഞ്ഞത് വെറുംവാക്കല്ല.

വീട്ടിലും വിദ്യാലയത്തിലും നമ്മുടെ മക്കളെ ഹൃദയപൂർവം തിരിച്ചറിഞ്ഞ് പരിചരിക്കാനും പരിപോഷിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും തിരുത്താനുമാകണം. മക്കളുടെ മേഖലകൾ മുതിർന്നവർ അറിയണം; കൂട്ടും കൂട്ടുകാരും ആരെന്നറിയണം. സത്യം സത്യമെന്നും തിന്മ തിന്മയെന്നും വിവേചിച്ചറിയാനുള്ള കഴിവാണ് ബുദ്ധിശക്തിയുടെ അടയാളം; ഇതുതന്നെയാണ് തലമുറകൾക്കാവശ്യവും. നീക്കുപോക്കുകളല്ല, നിലപാടുകളാണ് നമ്മുടെ വ്യക്തിത്വത്തിന്റെ കാതൽ. നല്ല നാളേക്ക് നല്ല വായനയെന്നത് മക്കളെ പഠിപ്പിക്കണം. മഹാത്മാക്കളെക്കുറിച്ചുള്ള പഠനവും വായനയും ശക്തിപ്പെടുത്തണം; ചഞ്ചലപ്പെടാത്ത മനഃസാക്ഷി ബലപ്പെടുത്തണം.

മലയാളി മലയാളത്തിനു പുറത്തായിരിക്കുന്നു. എഴുത്തിലും വായനയിലും ഭക്ഷണക്രമത്തിലും വസ്ത്രധാരണത്തിലും ജീവിതരീതികളിലും സൗഹൃദങ്ങളിലുമൊക്കെ മലയാളി വിദേശി ആയിരിക്കുന്നു; ഒപ്പം നാം പഠിക്കുന്നതും പഠിച്ച് തുടർജീവിതത്തിലേക്ക് എത്തിപ്പെടുന്നതും അന്യനാട്ടിലാണെന്ന ധാരണ ജനനം മുതൽ മക്കളുടെ കാതിലോതുന്നു. ഇന്നത്തെ സിദ്ധാന്തം മലയാളിയുടെ ജനിതകനന്മകളെയെല്ലാം തകിടം മറിച്ചിരിക്കുന്നു; ആത്മജ്ഞാനം വികലമായിരിക്കുന്നു. ജന്മനാടിനെ മറക്കുവാൻ പ്രേരിപ്പിക്കുന്ന തൊഴിലധിഷ്ഠിത പഠനവഴികൾ മലയാളിയുടെ മനസ്സിനെ സമ്മർദത്തിലാക്കുന്നു.

ജനാലകളും വാതിലുകളും ഇല്ലാത്ത വീടുകളിൽ കാറ്റോട്ടം കുറയും. ബാഹ്യബന്ധങ്ങളും കുറയും. വീട്ടിലുള്ളവർക്കു ശ്വാസം മുട്ടും. ജീവിതമാകെ സമ്മർദത്തിലാകും! സമ്മർദത്തിനൊടുവിൽ വാതിലുകൾ തുറന്നാലും അന്ധാളിപ്പ് മാറില്ല; എന്തു ചെയ്യണമെന്നറിയാതെ 'ദിക്കുമുട്ടും.' ഈ ടെൻഷനിൽ ഒരു ഷെയറിങ് പെയർ ഇല്ലാതെ പോകുന്ന കാലമാണിന്ന്. ഒരു തുറന്നുപറച്ചിലിന് ഇടമില്ലത്രേ! തുറക്കാതിരുന്നാൽ 'അഗ്നിപർവതം രൂപപ്പെടും... എന്നു പൊട്ടും... എങ്ങനെ പൊട്ടും... എന്തെല്ലാം നാശമുണ്ടാക്കും എന്നൊന്നും പ്രവചിക്കാനാകില്ലല്ലോ. ഇതൊക്കെയാണ് ഇന്നിന്റെ പ്രശ്നവും.


ഇതു ജയിക്കാൻ മാത്രമുള്ള മത്സരങ്ങളുടെ കാലമാണ്. വേദിക്കുതാഴെ കൈയടിക്കാൻ ആളില്ലാത്ത കാലം; എല്ലാവരും വിജയികളാണത്രേ; ഒപ്പം എല്ലാവരും സമ്മാനിതരുമാണ്. എല്ലാവരും ഒരേ തൂവൽപ്പക്ഷികളാകാൻ മത്സരിക്കുന്നു. തൊഴിൽ പ്രശ്നമാകുന്നു.

ഇങ്ങനെയാണ് മലയാളിയുടെ തൊഴിലിടങ്ങളിൽ അതിഥികൾ ചുവടുറപ്പിച്ചത്. നമ്മുടെ പഠനവഴികളിൽ നമ്മിലേക്കു ലയിച്ചുചേർന്ന ഒന്നാണ് 'ഞാൻ മോശക്കാരനല്ല, ഒട്ടും മോശക്കാരനല്ല'യെന്നുള്ളത്. അതുകൊണ്ടുതന്നെ നമ്മുടെ ഈഗോ അത്ര ചെറുതല്ല. ഈഗോ മാറണമെങ്കിൽ മറുനാടൻമരുന്നു മാത്രമാണ് പരിഹാരമെന്നു നമുക്കറിയാം. ജോലിയെന്തായാലും കൂലി കേമമാകണമെന്നു മാത്രമാണ് നമ്മുടെ ചിന്ത. നമ്മെ തിരിച്ചറിയാൻ നാം മാത്രല്ലേ മറുനാട്ടിലുള്ളൂ. അതുകൊണ്ട് രാപകൽ തൊഴിലെടുത്തു ജീവിക്കും. അത്രതന്നെ.

■




# താഴ്‌വരയിലെ ലില്ലിപ്പുഷ്പം



**അവന്തിക അഭിജിത്ത്**
*മുസ്ലീം ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ ഈരാറ്റുപേട്ട*

ആഗ്രഹിച്ചതു കിട്ടിയില്ലെങ്കിൽ ജീവിതമേ വേണ്ടെന്നുവയ്ക്കുന്ന ചിലരുണ്ട്. ജീവിതത്തിൽ ചെറിയൊരു പ്രശ്നം വരുമ്പോഴേ മനസ്സു തകർന്നുപോകുന്നവരുമുണ്ട്.



ഹെലൻ ആഡംസ് കെല്ലർ (ജൂൺ 27, 1880 – ജൂൺ 1, 1968)

അങ്ങനെവരുമ്പോൾ നമുക്കു ചുറ്റുമുള്ളവരെ നാമൊന്നു നിരീക്ഷിക്കണം. കാഴ്ചയും കേൾവിയുമില്ലാത്തവർ, കൈയും കാലും തളർന്നവർ, ചില മാരകരോഗങ്ങൾമൂലം പുറംലോകം കാണാതെ ജീവിതം മുഴുവൻ ഇരുട്ടിലായിപ്പോയവർ - ഇങ്ങനെ നിരവധിപ്പേർ നമുക്കു ചുറ്റിലുമുണ്ട്. എന്നാൽ, ഇരുട്ടിനെ മറന്ന് ലോകത്തിനുതന്നെ വെളിച്ചമേകിയവരുണ്ട്. അത്തരത്തിലൊരാളെ നമുക്കു പരിചയപ്പെട്ടാലോ? കഠിനാധ്വാനവും ആത്മവിശ്വാസവുംകൊണ്ട് സ്വന്തം വൈകല്യങ്ങളെ തോൽപിച്ച ഇംഗ്ലീഷ് വനിതയാണ് ഹെലൻ ആഡംസ് കെല്ലർ. ജൂൺ മാസം 27 ന് ഹെലൻ കെല്ലറുടെ ജന്മദിനമാണ്.

ഹെലൻകെല്ലറിന് പത്തൊൻപതുമാസം മാത്രം പ്രായമുള്ളപ്പോഴാണ് അവളുടെ കാഴ്ചശക്തിയും കേൾവിശക്തിയും നഷ്ടപ്പെട്ടത്. അതുവരെ ഹെലൻ നല്ല ആരോഗ്യമുള്ള പെൺകുട്ടിയായിരുന്നു. അന്ധതയ്ക്കും ബധിരതയ്ക്കും കാരണമായ മസ്തിഷ്കജ്വരം കൊച്ചുഹെലനെ ബാധിച്ചു. കുഞ്ഞു മരിച്ചുപോകുമെന്നു ഡോക്ടർ വിധിയെഴുതിയെങ്കിലും, ഹെലന് വെളിച്ചവും ശബ്ദവുമില്ലാത്ത ഒരു രണ്ടാം ജന്മം ലഭിച്ചു. ഒന്നും കേൾക്കാത്തതിനാൽ ഹെലൻ ഒന്നും പറയാനും പഠിച്ചിരുന്നില്ല.

താൻ മറ്റുള്ളവരിൽനിന്നു വ്യത്യസ്തയാണെന്നു ഹെലൻ അറിഞ്ഞിരുന്നില്ല. പുറത്തുപോകാൻ അവൾക്കിഷ്ടമായിരുന്നു. മറ്റുള്ളവരുടെ സാന്നിധ്യം അവൾ ആസ്വദിച്ചിരുന്നു. മറ്റുള്ളവർക്ക് തനിക്കില്ലാത്ത എന്തോ ശക്തി, വായ തുറന്നു സംസാരിക്കാനുള്ള കഴിവുണ്ടെന്നു തിരിച്ചറിയുമ്പോൾ അവൾ അസ്വസ്ഥയായി ചില ശബ്ദങ്ങളുണ്ടാക്കാൻ ശ്രമിക്കുകയും, കരഞ്ഞുകൊണ്ട് വീടിനുള്ളിലാകെ ഓടിനടക്കുകയും, അവളുടെ അമ്മയുടെ കൈവെള്ളയിൽ മുഖമമർത്തി മനസ്സിലെ കൊടുങ്കാറ്റടങ്ങുന്നതുവരെ കരയുകയും ചെയ്യുമായിരുന്നു.

ഡോക്ടറുടെ നിർദേശപ്രകാരം ഹെലനെക്കാൾ 14 വയസ്സ് കൂടുതലുണ്ടായിരുന്ന ആനി സള്ളിവൻ ഹെലന് അധ്യാപികയായി. ദേഷ്യക്കാരിയും കുസൃതിയുമായിരുന്ന ഹെലനെ പഠിപ്പിക്കാൻ അവർക്കു നന്നേ പാടുപെടേണ്ടി വന്നു.

പതിയെപ്പതിയെ, ബ്രെയിലി ലിപി വശമാക്കിയതോടെ ഗണിതവും ഇംഗ്ലീഷും ഫ്രഞ്ചും സസ്യശാസ്ത്രവും ജന്തുശാസ്ത്രവുമെല്ലാം ഹെലൻ അനായാസം സ്വായത്തമാക്കി. ആനിയുടെ സഹായത്തോടെ കൈയിലെഴുതിയും, പുസ്തകങ്ങൾ ബ്രെയിലി ലിപിയിലാക്കിയും ചരിത്രം, ഫ്രഞ്ച്, ജർമൻ, ലാറ്റിൻ, ഇംഗ്ലീഷ്, ഗണിതം എന്നിവയിൽ പ്രാവീണ്യം നേടി.

ജീവിതകാലം മുഴുവൻ ഒരു സാധാരണ സ്ത്രീയാകാനാണ് ഹെലൻ ആഗ്രഹിച്ചത്. വൈകല്യമില്ലാത്തവർ കടന്നുചെല്ലാൻ മടിച്ച രംഗങ്ങളിൽ പോലും, ആനിയുടെ കൈപിടിച്ച് അവർ ധൈര്യപൂർവം കടന്നുചെന്നു. മറ്റുള്ളവരുമായി അനുഭവങ്ങൾ പങ്കിടുന്നതിലും ഹെലന് താത്പര്യമുണ്ടായിരുന്നു.

കാഴ്ചയും കേൾവിയും ഇല്ലാത്ത എല്ലാവരെയുംപോലെ ഹെലനും ഗന്ധമാസ്വദിക്കുന്നതിൽ തത്പരയായിരുന്നു.

കേൾവിശക്തിയും കാഴ്ചശക്തിയുമില്ലാത്തവരെ ചുണ്ടിൽ വിരലുകൾ ചേർത്തുവച്ച് ഉച്ചാരണം പഠിപ്പിക്കുന്ന രീതിയും ആനി പരീക്ഷിക്കുക്കയുണ്ടായി. എന്നാൽ, വാക്കുകൾക്കും സന്ദർഭങ്ങൾക്കുമനുസരിച്ച് ശബ്ദവ്യതിയാനം വരുത്താൻ അവർക്കു കഴിഞ്ഞിരുന്നില്ല. എങ്കിലും, 'താഴ്‌വരയിലെ ലില്ലിപ്പുഷ്പം' എന്നു പ്രസിദ്ധയായ ഹെലന്റെ വാക്കുകൾ കേൾക്കാൻ എന്നും വലിയ ജനാവലിയുണ്ടായിരുന്നു. എഴുത്തായിരുന്നു മറ്റൊരു ശക്തമായ മാധ്യമം. അതും പൊതുജനങ്ങളെ അവരിലേക്കടുപ്പിച്ചു.

ഹെലൻ അവളുടെ പ്രയത്നംകൊണ്ട് സാഹിത്യം, സാമൂഹികപ്രവർത്തനം, അധ്യാപനം എന്നീ രംഗങ്ങളിൽ കഴിവു തെളിയിച്ചു. ഹെലൻ കെല്ലറുടെ ആത്മകഥയാണ് 'ദി സ്റ്റോറി ഓഫ് മൈ ലൈഫ്.'

'ദ വേൾഡ് ഐ ലിവ് ഇൻ' എന്ന കൃതിയിലൂടെ മറ്റുള്ളവരിലൂടെ താൻ കാണുന്ന ലോകത്തെക്കുറിച്ചാണ് ഹെലൻ വിവരിക്കുന്നത്. ആത്മീയസ്പർശമുള്ള 'ലൈറ്റ് ഇൻ മൈ ഡാർക്ക്നസ്', വിവാദമായ 'മിസ്റ്റിസിസം' എന്നിവ മറ്റു പ്രധാന കൃതികളാണ്. വിവിധ വിഷയങ്ങളിലുള്ള പുസ്തകങ്ങളും, നിരവധി ലേഖനങ്ങളും ഇംഗ്ലീഷ് സാഹിത്യത്തിൽ ഹെലന്റേതായുണ്ട്.

1961 മുതൽ ഒന്നിലധികം തവണ പക്ഷാഘാതമുണ്ടായതിനെത്തുടർന്ന് ആശയവിനിമയശേഷി നശിച്ച് ഹെലൻ കെല്ലർ എന്ന കർമധീരയായ ആ വനിത 1968 ജൂൺ ഒന്നിന് 87-ാം വയസ്സിൽ അന്തരിച്ചു.



# അരുണകോപം



**ശ്രീനന്ദന ഷാജി**
*ക്ലാസ് 10
സെന്റ് മേരീസ് ജി. എച്ച്.എസ്. എസ്. പാലാ*

വിങ്ങുന്നു ചിത്തമിതെത്രയോ നാളായി
വികൃതമാം വേനലിന്നറുതിയാകാൻ
പകലുകൾ വറ്റിത്തിളച്ചുമറിയുന്നു
പകലോന്റെ നിർദയതാണ്ഡവത്താൽ

അസ്ഥികൂടങ്ങളോടങ്ങനേ ചേർന്നങ്ങു
മാറുവതെന്തേ മരങ്ങളെല്ലാം!
കരിയുന്ന കുടലിന്നുമെരിയുന്ന നാടിനും
കുളിരിന്റെ കനിവൊട്ടു കിട്ടിയില്ല

കനവിൽ വളർന്നിങ്ങു പന്തലിച്ചെത്തിയ
പൂന്തോട്ടമെങ്ങനെ മാഞ്ഞുപോയി?
ഒരുതുള്ളി ജലമായി നൽകുവാനിന്നെനി-
ക്കില്ലെന്റെ കണ്ണീരുപോലുമിപ്പോൾ.

ഉഷ്ണമിതിങ്ങനെ എന്റെയീ നാടിന്റെ
ഉയിരുമുഴുവൻ വിഴുങ്ങിടുന്നു.
ദാഹമെന്താണെന്നറിയാത്തൊരിക്കുള-
മെങ്ങനെ പടുകുഴിയായി മാറി!

കലിതുള്ളിയാദിത്യനെന്റെയിപ്പുഴയിലെ
നീരുമൊത്തത്തിൽ തുടച്ചുനീക്കി
ആകാശനീലയിൽ നീന്തുന്ന തേരുകൾ
ആനീരതങ്ങനേ കൊണ്ടുപോയി.

എന്റെ നാടിന്റെ വിശപ്പകറ്റാനെത്ര
നാളുകൾകൊണ്ടേ പടുത്തപാടം
ആകാശനീലയിൽ നീങ്ങുന്ന തേരുകൾ
ആനീരതങ്ങനെ കൊണ്ടുപോയി.

എന്റെ നാടിന്റെ വിശപ്പകറ്റാനെത്ര
നാളുകൾകൊണ്ടേ പടുത്ത പാടം
ഞാൻ കണ്ട കനവിലെ വിളവിന്റെ ഓർമപോൽ
ജീവനില്ലാത്തൊരു സ്മാരകമായ്!

ഇത്രയുമെന്നോടു കോപമുണ്ടാകുവാൻ
എന്താണു കാരണം തമ്പുരാനേ!
ഇനിയെന്റെ കുഞ്ഞിന്റെ കരയുന്ന കണ്ണുകൾ-
ക്കെന്തുണ്ടു പകരമായെന്റെ പക്കൽ?

കരയുന്ന മേഘത്തെ ഒരു നോക്കു കാണുവാൻ
വിങ്ങുന്നിതെന്നുള്ളമെത്രനാളായ്
പക്ഷിതൻ നാദവും പുഴയുടെ ഗീതവും
ഇനിയുമീ മണ്ണിൽത്തിരിച്ചെത്തുമോ?

ജീവിച്ചുതീർക്കാൻ കൊതിക്കുന്ന ജീവികൾ
ഈ മണ്ണിലിനിയുമുണ്ടെൻ ദൈവമേ
ചുവപ്പാണു ഭൂമിക്കും സൂര്യനും നിത്യമായി
കാണുന്ന ലോകമിതെങ്ങുപോയി?

നിറയെ വിളഞ്ഞൊരു കേദാരവും പിന്നെ
നിറയെ കവിയുന്ന പുഴകളുമായ്
അണിയിച്ചൊരുക്കിയിരുത്താൻ കഴിയുമോ
ഇനിയുമീ നാടിനെ ഒന്നുകൂടി?

## വായന

എല്ലാവരും എന്നും വായിക്കേണ്ട രണ്ടു പുസ്തകമുണ്ട്. അവനവനൊന്ന്, ചുറ്റുമുള്ള പ്രകൃതി മറ്റൊന്ന്.
**കുഞ്ഞുണ്ണി മാഷ്**

ദിവസവും വായനയ്ക്കായി ഒരു മണിക്കൂർ മാറ്റിവയ്ക്കൂ. നിങ്ങളെ അറിവിന്റെ കേന്ദ്രമാക്കി ഏതാനും നാളുകൾക്കുള്ളിൽത്തന്നെ പരിണമിപ്പിക്കും.
**എ.പി.ജെ. അബ്ദുൾകലാം**

പുസ്തകങ്ങൾ ഇല്ലാത്ത മുറി, ആത്മാവില്ലാത്ത ശരീരംപോലെയാണ്.
**ക്രിസ്റ്റഫർ മോർളി**



# സ്നേഹാന്വേഷണപരീക്ഷണങ്ങൾ



**റെയ്ച്ചൽ ജോർജ്**
*കോ - ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ, തൊടുപുഴ*

**പൗ**ലോസ് ശ്ലീഹാ കൊറിന്തോസിലെ സഭയ്ക്കെഴുതിയ ലേഖനത്തിൽ മനുഷ്യമനസ്സിലെ വികാരങ്ങളിൽ ഏറ്റവും ഉൽക്കൃഷ്ടമായി കുറിച്ചിടുന്നത് സ്നേഹത്തെയാണ്. നാം ആരുതന്നെ ആയിരുന്നാലും നമ്മെ നാമാക്കുന്ന അടയാളമാണ് സ്നേഹം. ഞാൻ ആരാണെന്ന് ഒന്നു ചിന്തിച്ചാൽ എന്തുത്തരമാണ് നമുക്കു ലഭിക്കുന്നത്? എന്റെ കുടുംബമോ ജോലിയോ ബന്ധങ്ങളോ ആണോ? ഒരിക്കലുമല്ല, എന്നിൽ സ്നേഹത്തിന്റെ ഒരു കണികപോലും അവശേഷിക്കുന്നില്ലെങ്കിൽ പൗലോസ് ശ്ലീഹാ പറയുന്നതുപോലെ ഞാൻ ഒന്നുമല്ലാതായിത്തീരുന്നു.

ദൈവം നൽകിയ ഈ ജീവിതത്തിൽ സ്നേഹിക്കാൻ മറന്നുപോകുന്നുവെങ്കിൽ എന്തു മേന്മയാണുള്ളത്? മനുഷ്യവംശത്തോടുള്ള ദൈവത്തിന്റെ അളവറ്റ സ്നേഹമാണല്ലോ തന്റെ പ്രിയപുത്രനെപ്പോലും നമുക്കു നൽകാൻ കാരണമായത്, അപ്പോൾപ്പിന്നെ ഞാൻ നിങ്ങളെ സ്നേഹിക്കുന്നു എന്ന വാക്കിനപ്പുറം എതിരേനിൽക്കുന്ന മനുഷ്യന്റെ ഹൃദയത്തെ തൊടുവാൻ നമുക്കോരോരുത്തർക്കും സാധിക്കണം.

അപ്പനും അമ്മയും സഹോദരങ്ങളും കൂട്ടുകാരും എന്നല്ല, ജീവിതത്തിന്റെ ഓരോ ദിവസവും നാം കണ്ടുമുട്ടുന്നവരിലും സ്നേഹം നിറയ്ക്കാൻ നമുക്കു കഴിയണം. ചെറിയൊരു പുഞ്ചിരിയിലൂടെ, കൂടെയുണ്ടെന്ന ആശ്വാസത്തിലൂടെ, നമ്മുടെ സമയത്തിന്റെ ഒരു നിശ്ചിത അളവെങ്കിലും മറ്റുള്ളവർക്കായി മാറ്റിവയ്ക്കുന്നതിലൂടെ നാം അവരെ സ്നേഹിക്കുകയാണ്. കാണുകയും അറിയുകയും നൽകുകയും ചെയ്യുന്നതിലൂടെയാണല്ലോ നാം നല്ല അയൽക്കാരനാവുന്നത്. ഒരിക്കൽ എഴുത്തുകാരനായ ജോസഫ് അന്നംകുട്ടി ജോസഫിന്റെ കുറിപ്പിൽ ഇങ്ങനെ വായിക്കുകയുണ്ടായി: 'Give the best and leave.' നാം എല്ലാവരും കടന്നുപോകേണ്ടവർതന്നെയാണ്. ആ കടന്നുപോകൽ ആരിലും ഒരിക്കലും നിരാശയും വേദനയും നിറയ്ക്കുന്നതാവരുത്. നമ്മിലെ ഏറ്റവും മികച്ചതിനെ പകർന്നു നൽകി സ്നേഹത്തിന്റെ അവശേഷിപ്പ് ആ ഹൃദയത്തിൽ കുറിച്ചിട്ടാവണം നാം നടന്നകലുന്നത്.

ജീവിതം ഒരു തീവണ്ടി പോലെ മുന്നിലേക്കു കുതിക്കുമ്പോൾ, നൽകേണ്ടിയിരുന്ന കരുതലും സ്നേഹവും പകർന്നു നൽകാതെ നാം അകന്നുപോകുമ്പോൾ, നാളെ ആയിടം ശൂന്യമായി അവശേഷിക്കുന്ന ഒരു കാലം ഉണ്ടായാൽ നമ്മിലും വലിയൊരു നിരാശ രൂപപ്പെട്ടേക്കാം.

ദൈവത്തിന്റെ രൂപം സ്നേഹമാണെന്ന് ചെറിയ ക്ലാസുകൾ മുതൽക്കേ നാം പഠിച്ചിരിക്കുന്നു. ആ സ്നേഹത്തിൽ അവിടുന്ന് നമുക്കു ജന്മം നൽകി. നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ദൈവസ്നേഹം പകർന്നുനൽകാൻ നാം മടി കാണിക്കരുത്.

ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാരുടെയും ഭാഷയിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങിലയോ ചിലമ്പുന്ന കൈത്താളമോ ആണ്.

വർദ്ധിച്ചുവരുന്ന കൊലപാതകങ്ങളും ഭ്രൂണഹത്യകളും അഗതിമന്ദിരങ്ങളിലെ അന്തേവാസികളുടെ എണ്ണത്തിൽ വരുന്ന വർധനയുമെല്ലാം സ്നേഹനിരാസത്തിന്റെ ഫലങ്ങളാണ്.

ആർക്കും വില നൽകാത്ത, തന്നിലേക്കു തന്നെ ചുരുങ്ങിയ, വലിയ മതിൽക്കെട്ടിനുള്ളിൽ ജീവിക്കുന്ന മനുഷ്യരായി നാം മാറരുത്. എന്റെ നേട്ടത്തിനുവേണ്ടി ഏതുവഴിയും ഞാൻ തിരഞ്ഞെടുക്കും എന്ന ചിന്ത ലോകത്തെ ഭരിക്കുമ്പോൾ അപരന്റെ കണ്ണീരിന്റെ വില ദൈവം കുപ്പിയിൽ ശേഖരിക്കുന്നു എന്ന ഓർമ്മ നമ്മുടെ ഹൃദയത്തിൽ ഉണ്ടായിരിക്കട്ടെ.


വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനിൽക്കുന്നു. എന്നാൽ, സ്നേഹമാണ് സർവോത്കൃഷ്ടം.

■

## എന്റെ വര



**അഭിനവ് വിജീഷ്**
*ക്ലാസ് 7*
*സെന്റ് തെരേസാസ് എച്ച്.എസ്.എസ്.*
*വാഴപ്പിള്ളി*







# ധന്യമീ ജീവിതം

**ലിനറ്റ് സി. ജോസഫ്**
*ക്ലാസ് 8*
*എസ്.എച്ച്. ജി.എച്ച്.എസ്.*
*രാമപുരം*

സമ്പത്തിനാലല്ല ജീവിതം
ധന്യമാകുന്നതെന്നത് യാഥാർഥ്യം
മാനവരെല്ലാം മറക്കുന്നതീ സത്യം
സുഖാധിക്യത്താൽ, അത്യാഗ്രഹത്താൽ
സ്വാർത്ഥതയാൽ ചിലരത് അവഗണിച്ചു
ഇനിയും വേണമെന്ന ചിന്ത അവരെയതു ചെയ്യിച്ചു
മുൾപ്പടർപ്പിൽ വീണ വിത്തുപോലെ
ദൈവവചനത്തെ അവർ ദുരാശകൊണ്ട് ഞെരുക്കി
മുപ്പതുവെള്ളിക്കാശിനായി
ക്രിസ്തുദേവനെ ഒറ്റിയ യൂദാസായി മാറി പലരും
ഓർക്കുക മനുഷ്യാ,
ദുരാഗ്രഹങ്ങൾ നിമിത്തം നീ ഞെരുക്കിയവ
ഒറ്റിക്കൊടുത്തവ
നിന്നെ വേദനയിലാഴ്ത്താനിടയാക്കും
കണ്ണീരിനാൽ ജീവിക്കാൻ വിധിക്കപ്പെടുംമുമ്പ്
കണ്ണീരുകൊണ്ട് പശ്ചാത്തപിക്കുക
ഞെരുക്കിക്കളഞ്ഞവ മാറ്റിനടുക
ഫലമേകുക, വിശ്വസ്തത പാലിക്കുക.
അപ്പോൾ നിന്റെ ജീവിതത്തെക്കുറിച്ചുള്ള
വിധി മാറാനിടയാകും
രേഖപ്പെടുത്തപ്പെടും - ജീവിതം ധന്യം.

## പ്രതിഭ ക്വിസ്

1. ഇന്ത്യയിലെ ആദ്യത്തെ അണ്ടർവാട്ടർ മ്യൂസിയവും കൃത്രിമ പവിഴപ്പുറ്റും ഏതു സംസ്ഥാനത്താണ് ആരംഭിച്ചത്?
2. ഡെന്മാർക്ക് എനർജി ഏജൻസിയുടെ പഠനത്തിൽ കാറ്റാടിപ്പാടത്തിന് അനുയോജ്യമായി കേരളത്തിൽ കണ്ടെത്തിയ സ്ഥലം?
3. പ്രഥമ കുഞ്ചൻനമ്പ്യാർ സാഹിത്യപുരസ്കാരത്തിന് അർഹനായത്?
4. 2025 ലെ മാധവിക്കുട്ടി പുരസ്കാരം നേടിയത്?
5. ഫ്യൂഗോ അഗ്നിപർവതം ഏതു രാജ്യത്താണ് സ്ഥിതി ചെയ്യുന്നത്?
6. 2025 ഇൻറർനാഷണൽ ബുക്കർ പ്രൈസ് നേടിയ കന്നഡ എഴുത്തുകാരി?
7. ഇറാൻ-ഇസ്രായേൽ രാജ്യങ്ങളിലെ ഇന്ത്യക്കാരെ ഒഴിപ്പാനുള്ള പദ്ധതിയുടെ പേര്?
8. ഇറ്റാലിയൻ ഓപ്പൺ വനിതാ സിംഗിൾസ് കിരീടം നേടിയത്?
9. 2025 ലെ ജൈവവൈവിധ്യ ദിനത്തിന്റെ പ്രമേയം?
10. കേരള ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ സ്ഥാപകൻ?

*1. മഹാരാഷ്ട്ര, 2. വിഴിഞ്ഞം, 3. എം മുകുന്ദൻ, 4. സുഭാഷ് ചന്ദ്രൻ 5. ഗ്വാട്ടിമാല, 6. ബാനു മുഷ്താഖ്, കൃതിയുടെ പേര് ഹാർട്ട് ലാംപ്, 7. ഓപ്പറേഷൻ സിന്ധു, 8. ജാസ്മിൻ പൗളിനി (ഇറ്റലി) 9. പ്രകൃതിയോടു ചേർന്നുള്ള ജീവിതവും സുസ്ഥിരവികസനവും, 10. പി.എൻ. പണിക്കർ.*